കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു. എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും ½ ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ നൽകുന്നു.

(സി) നിലവിൽ ഇക്കാര്യം പരിഗണിക്കുന്നതിന് നിർവ്വാഹമില്ല

ഹോട്ടലുകളുടെ ഗ്രേഡിങ്ങ്, വില ഏകീകരണം

197 (4829) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹോട്ടലുകളുടെ ഗ്രേഡിങ്ങ്, വില ഏകീകരണം എന്നിവ സംബന്ധിച്ച എന്ത് നിയമമാണ് നിലവിലുള്ളത്; ഇത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്താണ്?

ഉത്തരം

ഹോട്ടലുകളിലെ വില ഏകീകരിക്കുന്നത് സംബന്ധിച്ചോ അതിനായി ഗ്രേഡിംഗ് നടത്തുന്നതിനോ നിലവിൽ നിയമം ഒന്നും തന്നെയില്ല. ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതു സംബന്ധിച്ച് ഒരു നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

ഭക്ഷ്യസുരക്ഷാ നിയമം

198 (4830) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കേരളത്തിന് കിട്ടുന്ന ആനുകൂല്യങ്ങളും ഗുണഫലങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly